# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:4962** **21.10.2011 - ൽ മറുപടിക്ക്**

**ആലപ്പുഴ സ്പിന്നിംഗ് മില്ലിന്റെ നവീകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മിൽ 25000 കതിരുകളുള്ള സ്പിന്നിംഗ് മില്ലായി വികസിപ്പിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ അടങ്കൽ എത്ര രൂപയാണ്; | (എ) ആലപ്പുഴ സ്പിന്നിംഗ് മില്ലിനെ 25000 കതിരുകളുള്ള സ്പിന്നിംഗ് മില്ലാക്കി മാറ്റുന്നതിന്റെ ഭാഗമായി 6.52 കോടി രൂപ വരുന്ന ഒന്നാംഘട്ട വികസനം പൂർത്തിയാക്കി, 12096 കതിർ ശേഷിയുള്ള സ്പിന്നിംഗ് മില്ലാക്കിയിട്ടുണ്ട്. ബാക്കി വരുന്ന 13104 കതിരുകളുടെ വികസനത്തിനുള്ള 24.84 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) മില്ലിന്റെ വികസനത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരും എൻ.സി.ഡി.സി.യും അംഗീകരിച്ചുവോ; ഇല്ലെങ്കിൽ അതിന്റെ തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിഗണനയിലാണ്. |
| (സി) മില്ലിന്റെ ഇപ്പോഴത്തെ പ്രവർത്തന ശേഷി എത്രയാണ്; | (സി) 12096 കതിരുകളാണ് മില്ലിന്റെ ഇപ്പോഴത്തെ പ്രവർത്തനശേഷി. |
| (ഡി) മില്ലിന്റെ ഇപ്പോഴത്തെ സാമ്പത്തിക നില വ്യക്തമാക്കുമോ; | (ഡി) ഈ സാമ്പത്തിക വർഷം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള അറ്റ നഷ്ടം 173.15 ലക്ഷം രൂപയാണ്. |
| (ഇ) ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിൽ പുതിയതായി എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്? | (ഇ) നിലവിലുള്ള കതിരുകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതാണ് സർക്കാർ പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്ന വികസന പ്രവർത്തനം. |

**സെക്ഷൻ ഓഫീസർ**